പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2117 | 06.10.2016-ൽ മറുപടിയ്ക്ക് |

മാവേലിക്കര - കണ്ടിയൂർ ബൈപാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര-കണ്ടിയൂർ ബൈപാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) സ്വീകരിക്കുന്നുണ്ട്. |
| (ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) തടസ്സം കരാർ ഉടമ്പടി ഉറപ്പിക്കുവാൻ കഴിയാത്തതാണ്. പ്രസ്തുത വർക്കിന് 200 ലക്ഷം രൂപയുടെ ഭരണാനുമതിയും 230 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു. രണ്ട് തവണ ടെണ്ടർ ചെയ്തിരുന്നെങ്കിലും എസ്റ്റിമേറ്റിലെ മണ്ണിന്റെ നിരക്ക് വളരെ കുറവായതിനാൽ കരാറുകാരുടെ ഭാഗത്തുനിന്നും പ്രതികരണമൊന്നും ഉണ്ടായില്ല. പിന്നീട് ശ്രീ. സുനിൽ ചന്ദ്രൻ എന്ന കരാറുകാരൻ 115% അധികനിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ചെങ്കിലും ഈ കൂടിയ നിരക്ക് അംഗീകരിച്ചില്ല. ഗ്രാവലിനുള്ള പ്രത്യേക കൺവേയൻസ് ഉൾപ്പെടുത്തി പുതിയ DSR-പ്രകാരം പ്രൈസ് സോഫ്റ്റ് വെയറിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) തടസ്സം പരിഹരിക്കുന്നതിലേക്കായി, ആഗസ്റ്റിൽ നടന്ന മണ്ഡലാടിസ്ഥാനത്തിലുള്ള റിവ്യൂ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) ആഗസ്റ്റിൽ മണ്ഡലാടിസ്ഥാനത്തിൽ നടന്ന റിവ്യൂ മീറ്റിംഗിൽ പണി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിരുന്നു. |
| (ഡി) എർത്ത് റേറ്റ് തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേർന്നിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) എർത്ത് റേറ്റ് തീരുമാനിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിൽ യോഗം ചേർന്ന് റേറ്റിനെ സംബന്ധിക്കുന്ന പുതിയ ശുപാർശ തയ്യാറാക്കിസമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ